**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2335** **30-07-2021 - ൽ മറുപടിയ്ക്ക്**

**റാന്നി മണ്ഡലത്തിലെ സാംസ്കാരിക വകുപ്പ് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പ്രമോദ് നാരായൺ | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | റാന്നി നിയോജക മണ്ഡലത്തിൽ 2016 ജൂൺ 30 മുതൽ 2021 ജൂൺ 30 വരെ സാംസ്കാരിക വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരം, ഭരണാനുമതിയുടെ പകർപ്പുകൾ സഹിതം ലഭ്യമാക്കാമോ; | (എ) | 2016 മുതൽ 2021 വരെയുള്ള കാലയളവിൽ റാന്നി മണ്ഡലത്തിൽ സാംസ്കാരിക വകുപ്പ് നടപ്പിലാക്കിയ പദ്ധതി വിവരങ്ങൾ ചുവടെ ചേർക്കുന്നു. യുവകലാകാരന്മാർക്കുള്ള വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതിയുടെ ഭാഗമായി റാന്നിയിൽ 4 കലാകാരന്മാരെ വിന്യസിക്കുകയും പ്രസ്തുത കലാകാരന്മാർ റാന്നി ബ്ലോക്ക് പഞ്ചായത്തിനു കീഴിലുള്ള വിവിധ കേന്ദ്രങ്ങളിൽ വിവിധ കലാരൂപങ്ങളിൽ കലാപരിശീലനം നൽകുകയും ചെയ്യുന്നുണ്ട്. കലാകാരന്മാർക്ക് 10,000/- രൂപ വീതം സാംസ്കാരിക വകുപ്പിൽ നിന്നും 5000/- രൂപാ വീതം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകി വരുന്നു. (പദ്ധതി ഭരണാനുമതി ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.) റാന്നി ഫാസ് എന്ന പേരിലുള്ള ഫിലിം സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന ചലച്ചിത്രമേളയ്ക്ക് വേണ്ടി സാംസ്കാരികകാര്യ വകുപ്പിനു കീഴിലുള്ള കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ ടൂറിംഗ് ടാക്കീസ് പദ്ധതിയുടെ ഭാഗമായി 2016, 2017, 2018, 2019 വർഷങ്ങളിൽ ചലച്ചിത്ര പ്രദർശനങ്ങൾ നടത്തിയിട്ടുണ്ട്. സ്കൂൾ ടാക്കീസ് എന്ന പദ്ധതിയുടെ ഭാഗമായി സ്കൂളുകളിലും ഈ വർഷങ്ങളിൽ ഈ നിയോജകമണ്ഡലത്തിൽ ചലച്ചിത്രപ്രദർശനം നടത്തിയിട്ടുണ്ട്. |
| (ബി) | ഭരണാനുമതി ലഭിച്ച പ്രവൃത്തികളിൽ പൂർത്തിയാക്കുവാൻ സാധിക്കാത്തവ ഉണ്ടെങ്കിൽ കാരണസഹിതം വിശദമാക്കാമോ? | (ബി) | പ്രസക്തമല്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

126/C2/17

കേരള സർക്കാർ

സംഗ്രഹം

സാംസ്കാരികകാര്യ വകുപ്പ് - 'യുവകലാകാരന്മാർക്കുള്ള വജ്ര ജൂബിലി ഫെലോഷിപ്പ്' എന്ന പദ്ധതിയ്ക്ക് 2017-18 സാമ്പത്തിക വർഷത്തിൽ അനുവദിച്ച തുക ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാംസ്കാരികകാര്യ(സി) വകുപ്പ്

സ.ഉ.(സാധാ) നം.476 /2017/സാം.കാ.വ തീയതി, തിരുവനന്തപുരം,28/07/2017

പരാമർശം - 1) 27/05/2017 ലെ സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ എ 5-2939/17/സാം.വ. നമ്പർ കത്ത്.

2) 11/01/17 ൽ ചേർന്ന സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്

ഉത്തരവ്

സാംസ്കാരിക വകുപ്പിന് 2017-18 സാമ്പത്തിക വർഷത്തിൽ 'യുവ കലാകാരന്മാരെ പ്രോത്സാഹിപ്പിക്കുന്നതിനും, പ്രാദേശിക സാംസ്കാരിക വികസനത്തെ പരിപോഷിപ്പിക്കുന്നതിനുമായി 2205-00-102-79(P) എന്ന ശീർഷകത്തിൽ 13.50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയ്ക്കായി അനുവദിച്ച തുക വിനിയോഗിക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശം 1 ലെ കത്ത് പ്രകാരം സാംസ്കാരിക ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി. പ്രസ്തുത പ്രൊപ്പോസൽ 11/7/2017 ൽ കൂടിയ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് യോഗം പരിശോധിച്ചു.

സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ച പ്രകാരം യുവകലാകാരന്മാരെ പ്രോത്സാഹിപ്പിച്ച്, പ്രാദേശിക തലത്തിൽ കലാരൂപങ്ങൾ പരിപോഷിപ്പിച്ച് അതുവഴി സാംസ്കാരിക ഉന്നമനം ലക്ഷ്യമിട്ടുകൊണ്ട് സാംസ്കാരിക വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് 'യുവ കലാകാരന്മാർക്കുള്ള വജ്രജൂബിലി ഫെലോഷിപ്പ്'. ടി പദ്ധതി നടത്തിപ്പിനായി ലഭ്യമാകുന്ന അപേക്ഷകൾ നിർദ്ദിഷ്ട അക്കാദമികളും, കലാമണ്ഡലവും പരിശോധന നടത്തി, വകുപ്പദ്ധ്യക്ഷന് ലഭ്യമാക്കുകയും അപേക്ഷകളിൽ നിന്നും യോഗ്യരായ 1000 കലാകാരന്മാരെ തെരഞ്ഞെടുക്കുകയും ചെയ്യും. ഇതിനായി പ്രത്യേകം മാർഗ്ഗ നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതാണ്. ഈ പദ്ധതി നടപ്പാക്കുക വഴി പ്രാദേശികമായി സാമൂഹിക കേന്ദ്രങ്ങളെ

കലയുടെ സജീവ പ്രവർത്തന കേന്ദ്രങ്ങളായി മാറ്റി സാംസ്കാരിക രംഗത്ത് നവോത്ഥാനം സൃഷ്ടിക്കാനാകും ഒപ്പം കലാകാരന്മാരെ പ്രോത്സാഹിപ്പിക്കുകയും അതുവഴി കല/സംസ്കാരത്തെ ഉദ്ധരിക്കുവാനും ഈ പദ്ധതി വഴി സാധിക്കും.

'യുവ കലാകാരന്മാർക്കുള്ള വജ്രജൂബിലി ഫെലോഷിപ്പ്' എന്ന പദ്ധതിയ്ക്ക് "2205-00-102-79(P) എന്ന ശീർഷകത്തിൽ വകയിരുത്തിയ 13.50 കോടി രൂപ താഴെ പറയും പ്രകാരം പദ്ധതി നടപ്പിലാക്കുന്നതിനായി ചെലവഴിക്കുന്നതിന് താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | ഇനം | പ്രതീക്ഷിക്കുന്ന ചെലവ് (തുക ലക്ഷത്തിൽ) |
|---|---|---|
| 1 | 1000 യുവകലാകാരന്മാർക്ക് 12 മാസത്തേയ്ക്ക് 10,000/- രൂപ വീതം | 1200 |
| 2 | 1000 പേർക്ക് പരിശീലന ക്ലാസ്സുകൾക്കായി വേണ്ടി വരുന്ന ചെലവ് (Refreshment, ട്രെയിനിംഗ് മെറ്റീരിയൽസ്, ഹാൾ വാടക, TA/DA etc. | 50 |
| 3 | Workshops & Seminars. | 25 |
| 4 | Co-ordination and arrangement expendes (to be incurred by Directorate) | 10 |
| 5 | Programmes and events | 15 |
| 6 | Resource Persons - മാർഗ്ഗരേഖകൾ തയ്യാറാക്കുന്നതിന് വേണ്ടി വരുന്ന ചെലവ് | 10 |
| 7 | മിസലേനിയസ് | 10 |
| 8 | പബ്ലിസിറ്റി, പ്രമോഷൻ | 30 |
| | ആകെ | 1350 |

1) പരിശീലകരെയും, കലാകാരന്മാരെയും സുതാര്യമായ നിയമന പ്രക്രിയയിലൂടെ ആയിരിക്കണം തെരഞ്ഞെടുക്കുന്നത്.

2) പദ്ധതി തുക ആവശ്യാർത്ഥം മാത്രം അനുവദിക്കേണ്ടതും തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കാൻ പാടില്ലാത്തതുമാണ്.

3) സ്റ്റോർ പർച്ചേയ്സ് ചട്ടങ്ങൾ കൃത്യമായും പാലിക്കേണ്ടതാണ് (ടെണ്ടർ, ഇ.ടെൻഡർ തുടങ്ങിയ നടപടിക്രമങ്ങൾ ആവശ്യാനുസരണം പാലിക്കേണ്ടതാണ്)

-101-

4) തസ്തിക സൃഷ്ടിക്കൽ, വാഹനം വാങ്ങൽ തുടങ്ങിയവയ്ക്ക് ഈ പദ്ധതി തുക വിനിയോഗിക്കാൻ പാടില്ലാത്തതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

റാണി ജോർജ്ജ്
സെക്രട്ടറി

ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (A&E) കേരള ,തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
ചീഫ്, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം
ധനകാര്യ വകുപ്പ്, തിരുവനന്തപുരം
സാംസ്കാരികകാര്യ (ബി) വകുപ്പ്
പൊതുജനവിവര സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി)
കരുതൽ ഫയൽ/ആഫീസ് പകർപ്പ്

ഉത്തരവിൻപ്രകാരം

സെക്ഷൻ ആഫീസർ

കേരള സർക്കാർ

സംഗ്രഹം

സാംസ്കാരികകാര്യ വകുപ്പ് - വാർഷിക പദ്ധതി 2019 - 20 - ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തിയ "യുവകലാകാരന്മാർക്കുള്ള വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതി"യ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാംസ്കാരികകാര്യ (സി) വകുപ്പ്

**സ.ഉ.(സാധാ)നം.132/2019/സാം.കാ.വ** തീയതി, തിരുവനന്തപുരം, 22.03.2019

പരാമർശം:- 1) സ.ഉ.(എം.എസ്.) നം. 28/2017/സാം.കാ.വ. തീയതി 10/10/2017

2) സ.ഉ.(എം.എസ്.) നം. 11/2018/സാം.കാ.വ. തീയതി 27/02/2018

3) സ.ഉ.(കൈ)നം.23/2018/സാം.കാ.വ. തീയതി 14/06/2018

4) സ.ഉ.(കൈ)നം 2/2019/പ്ലാനിംഗ് തീയതി 18/01/2019

5) സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ 18/01/2019, 05/03/2019 തീയതികളിലെ പി1-8300/18/സാം.വ. നമ്പർ കത്തുകൾ

6) 23.01.2019 ൽ ചേർന്ന സ്പെഷ്യൽ പദ്ധതി തയ്യാറാക്കൽ ഗ്രൂപ്പിന്റെ (എസ്.പി.പി.ജി.) യോഗ നടപടിക്കുറിപ്പ്.

7) സർക്കുലർ നമ്പർ PLGEA-A1/1/2019-PLGEA തീയതി 22.02.2019

8) സ.ഉ.(കൈ)നം.8/2019/സാം.കാ.വ. തീയതി 06.03.2019

**ഉത്തരവ്**

ക്ലാസ്സിക്കൽ, സമകാലീന, നാടോടി വിഭാഗങ്ങളിൽപ്പെട്ട കേരളത്തിന്റെ തനത് കലാരൂപങ്ങളിൽ കുട്ടികളിലും യുവാക്കളിലും ആഭിമുഖ്യമുണർത്തുക, തുടങ്ങിയ ലക്ഷ്യത്തോടെ യുവകലാകാരന്മാരെ പ്രോത്സാഹിപ്പിക്കുകയും പ്രാദേശിക തലത്തിൽ കലാരൂപങ്ങൾ പരിപോഷിപ്പിക്കുക വഴി സാംസ്കാരിക ഉന്നമനം സാധ്യമാക്കുന്നതിനായി സാംസ്കാരിക വകുപ്പ് ആവിഷ്കരിച്ച്, നടപ്പിലാക്കുന്ന പദ്ധതിയാണ് " യുവകലാകാരന്മാർക്കുള്ള വജ്രജൂബിലി ഫെലോഷിപ്പ്." പദ്ധതി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന തുടർ പദ്ധതിയായ വജ്ര ജൂബിലി ഫെലോഷിപ്പ് പദ്ധതിക്ക് 2017-18 സാമ്പത്തിക വർഷം ഭരണാനുമതി നല്കുകയും പദ്ധതി നിർവ്വഹണം സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പരാമർശം (1), (2), (3), (8) ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

2019-20 വർഷം പദ്ധതി പ്രവർത്തനങ്ങൾ ഗ്രീൻബുക്കിൽ ഉൾപ്പെടുത്തുന്നതിനും പ്രൊപ്പോസലുകൾ തയ്യാറാക്കുന്നതിനും വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശം (5)-ലെ ഉത്തരവ് പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം സാംസ്കാരികകാര്യ വകുപ്പിന്റെ തുടർ പദ്ധതികളിലൊന്നായ "യുവകലാകാരന്മാർക്കുള്ള വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതി" 2019-20 വർഷത്തിൽ നടപ്പിലാക്കുന്നതിനുള്ള 13 കോടി രൂപയുടെ പ്രൊപ്പോസൽ, സ്പെഷ്യൽ പദ്ധതി തയ്യാറാക്കൽ ഗ്രൂപ്പിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനായി പരാമർശം (5) പ്രകാരം സാംസ്കാരിക വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിരുന്നു.

23.01.2019 തീയതിയിൽ ചേർന്ന സ്പെഷ്യൽ പദ്ധതി തയ്യാറാക്കൽ ഗ്രൂപ്പ് യോഗം (SPPG) പ്രസ്തുത പ്രൊപ്പോസൽ പരിഗണിക്കുകയും 2019-20 വാർഷിക പദ്ധതിയിലെ ഗ്രീൻബുക്കിൽ ഉൾപ്പെടുത്തുന്നതിന് പരാമർശം (6) പ്രകാരം അംഗീകാരം നൽകുകയും

ചെയ്തിരുന്നു. ഗ്രീൻബുക്കിൽ ഉൾപ്പെടുത്തിയ പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിന് ബന്ധപ്പെട്ട ഭരണ വകുപ്പുകൾക്ക് പരാമർശം (7)ലെ സർക്കുലർ പ്രകാരം നിർദ്ദേശം ലഭിച്ചിരുന്നു.

മേൽസാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും 2019-20 സാമ്പത്തിക വർഷം 2205-00-102-79 (P) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 13 കോടി രൂപ ചുവടെ ചേർക്കുന്ന പട്ടിക പ്രകാരമുള്ള വിവിധ ഘടകങ്ങൾക്കായി വിനിയോഗിച്ച് യുവകലാകാരന്മാർക്കുള്ള വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതി താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | പദ്ധതി ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ ) |
|---|---|---|
| 1 | കലാകാരന്മാർക്കുള്ള പ്രതിമാസ ഫെലോഷിപ്പ് വിതരണം (10000 x 1000) | 1200 |
| 2 | പരിശീലനം. പരിശീലന സാമഗ്രികൾ | 10 |
| 3 | പദ്ധതി ഏകോപനം (ക്ലസ്റ്റർ കൺവീനർക്കും ജില്ലാ കോ-ഓർഡിനേറ്റർക്കും പ്രതിഫലം) | 25 |
| 4 | ജില്ലാ ക്ലസ്റ്റർ തല അവലോകന യോഗങ്ങൾ | 15 |
| 5 | പ്രാദേശിക കലാ പ്രകടനം, സംഘാടനം | 10 |
| 6 | സംഗീതോപകരണങ്ങൾ. പരിശീലന സാമഗ്രികൾ | 10 |
| 7 | കലാകാരന്മാർക്കും കോ- ഓർഡിനേറ്റർമാർക്കും യാത്രാ ചെലവ് | 10 |
| 8 | പ്രചാരണം. പ്രസിദ്ധീകരണം. പ്രമോഷൻ | 10 |
| 9 | മറ്റിനങ്ങൾ | 10 |
| | ആകെ | 1300 |

i) 2019 -20 സാമ്പത്തിക വർഷാരംഭം മുതൽ മാത്രമേ ടി തുക വിനിയോഗിക്കാൻ പാടുള്ളൂ.

ii) പദ്ധതി നടത്തിപ്പിൽ പാലിക്കേണ്ട എല്ലാ നടപടി ക്രമങ്ങളും ചട്ടങ്ങളും വ്യവസ്ഥകളും കർശനമായും പാലിക്കേണ്ടതാണ്. പദ്ധതിതുക ചെലവഴിക്കുമ്പോൾ സാമ്പത്തിക അച്ചടക്കം പാലിക്കേണ്ടതാണ്.

iii) ബന്ധപ്പെട്ട ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകക്കുള്ളിൽ പദ്ധതി പ്രവർത്തനങ്ങൾ പരിമിതപ്പെടുത്തേണ്ടതാണ്.

iv) ആവശ്യകതയ്ക്കനുസരിച്ച് മാത്രമേ തുക പിൻവലിക്കാൻ പാടുള്ളൂ. തുക ബാങ്ക് അക്കൗണ്ടുകളിൽ അലസമായി സൂക്ഷിക്കുവാൻ പാടില്ല.

v) ടെണ്ടർ/ഇ-ടെണ്ടർ നടപടിക്രമങ്ങൾ ആവശ്യമായിടത്തെല്ലാം പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

vi) തുകയുടെ ശരിയായ വിനിയോഗം സംബന്ധിച്ച് യഥാസമയങ്ങളിൽ സാംസ്കാരിക വകുപ്പ് ഡയറക്ടർ മേൽനോട്ടം വഹിക്കേണ്ടതും പദ്ധതി

പ്രവർത്തനങ്ങൾ നിലവിലുള്ള/ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ചട്ടങ്ങൾക്ക് അനുസൃതമാണെന്നും ഉറപ്പ് വരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഗീത കെ.

അഡീഷണൽ സെക്രട്ടറി

ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം

മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം

ചീഫ്, സോഷ്യൽ സർവ്വീസസ് ഡിവിഷൻ, പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (A&E) കേരള തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫിസർ, തിരുവനന്തപുരം.

ആസൂത്രണ-സാമ്പത്തികകാര്യ വകുപ്പ്

ധനകാര്യ (പ്ലാനിംഗ് (ബി)/വിദ്യാഭ്യാസം-സി) വകുപ്പ്

തദ്ദേശ സ്വയംഭരണ (ഡി.എ.)/(ഡി.ബി.) വകുപ്പ്
വെബ്&ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)

കരുതൽഫയൽ /ആഫീസ് പകർപ്പ്.

ഉത്തരവിൻപ്രകാരം

സെക്ഷൻ ആഫീസർ